(സി) കേരളാ ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള മില്ലുകളുടെ നവീകരണ പദ്ധതികളുടെ ഉദ്ഘാടനം 10-6-2000-ൽ നടത്തി.

(ഡി&ഇ) വ്യവസായ പുനരുദ്ധാരണ ഫണ്ടിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് നവീകരണ പദ്ധതികൾ നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) കോട്ടയം ടെക്സ്റ്റയിൽസിൽ ഉപയോഗിക്കുന്ന യന്ത്രസാമഗ്രികളും ഉപകരണങ്ങളും പഴക്കമേറിയവ ആയതിനാലാണ് നവീകരണ പദ്ധതികൾക്ക് രൂപം നൽകിയത്. നവീകരണ പദ്ധതികൾ താമസംവിനാ ആരംഭിക്കുന്നതാണ്.

സീതാറാം മില്ലിന്റെ നവീകരണം

150 (1416) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ സീതാറാം മില്ലിന്റെ നവീകരണത്തിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) സീതാറാം മില്ലിൽ പുതിയതായി സ്പിൻഡിലുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(സി) സീതാറാം മിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷനിൽ ലയിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഇതുകൊണ്ട് മില്ലിന്റെ പ്രവർത്തനത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഡി) മില്ലിന്റെ പ്രവർത്തനം ഇപ്പോൾ എങ്ങനെയാണ്, കമ്പനി ലാഭത്തിലാണോ പ്രവർത്തിക്കുന്നത് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. മില്ലിന്റെ നവീകരണത്തിനായി കേരള ഇൻഡസ്ട്രിയൽ റിവൈറ്റലൈസേഷൻ ഫണ്ട് ബോർഡിൽ നിന്നും 549 ലക്ഷം രൂപ ലഭ്യമാക്കുന്നതാണ്.

(ബി) നവീകരണത്തിന്റെ ഭാഗമായി 4000 അഡീഷണൽ സ്പിൻഡിലുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. ലയനം ഭരണച്ചെലവുകൾ കുറച്ച് ലാഭകരമായ പ്രവർത്തനങ്ങൾക്ക് സഹായകമാകും.

(ഡി) കമ്പനി ഇപ്പോൾ ലാഭത്തിലല്ല പ്രവർത്തിക്കുന്നത്. കഴിഞ്ഞ പത്തുമാസം കൊണ്ട് കമ്പനിക്ക് 93 ലക്ഷത്തോളം രൂപ നഷ്ടം വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly